കെ. എസ്. ആർ. ടി. സി. യിലെ ജീവനക്കാർക്കെതിരെ ഡിപ്പാർട്ടുമെന്റൽ അന്വേഷണം

67 [1376] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂൺ 19-ന് സംസ്ഥാന വ്യാപകമായി നടന്ന മോട്ടോർ വാഹന പണിമുടക്ക് ദൃശ്യം പകർത്താൻ തൃശ്ശൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ വന്ന ദേശാഭിമാനി ഫോട്ടോഗ്രാഫർ ശ്രീ. എൽ. പി. ജോൺസനേയും ദൃശ്യ മാദ്ധ്യമ പ്രവർത്തകരെയും കെ. എസ്. ആർ. ടി. സി. ഉദ്യോഗസ്ഥർ കയ്യേറ്റം ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേരള പത്രപ്രവർത്തക യൂണിയന്റെ 21-6-2004-ലെ യോഗം അംഗീകരിച്ച പ്രമേയം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) ഇക്കാര്യത്തിൽ ഏതെങ്കിലും വിധത്തിലുള്ള അന്വേഷണം ഡിപ്പാർട്ടുമെന്റ് തലത്തിൽ നടത്തുന്നുണ്ടോ;

(ഡി) പത്രപ്രവർത്തകർക്ക് നിർഭയമായി, സുരക്ഷിതത്വത്തോടുകൂടി ജോലി ചെയ്യുന്നതിന് ആവശ്യമായ നടപടി കെ. എസ്. ആർ. ടി. സി. സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരളാ പത്രപ്രവർത്തക യൂണിയൻ തൃശ്ശൂർ ജില്ലാ യൂണിറ്റിന്റെ ഒരു പരാതി ഇതു സംബന്ധിച്ച് ലഭിച്ചിട്ടുണ്ട്.

(ബി ആന്റ് സി) പ്രമേയത്തിന്റെ ഒരു പകർപ്പ് പരാതിക്കൊപ്പം ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ട്.

(ഡി) സ്വീകരിക്കുന്നുണ്ട്.

മലയിൻകീഴ്-കിഴക്കേക്കോട്ട റൂട്ടിൽ യാത്രാക്ലേശം ഒഴിവാക്കാൻ നടപടി

68 [1377] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ്-കിഴക്കേക്കോട്ട (മങ്കാട്ടുകടവ് വഴി) റൂട്ടിൽ യാത്രാ ബുദ്ധിമുട്ടുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ മാറ്റാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly